# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3266 — 24/06/2013 ൽ മറുപടിക്ക്

**<u>സംസ്ഥാന കേഡറിലെ ഐ.എ.എസ്/ഐ.പി.എസ് ഉദ്യോഗസ്ഥർ</u>**

ചോദ്യം: ശ്രീ. കോവൂർ കുഞ്ഞുമോൻ

ഉത്തരം : ശ്രീ ഉമ്മൻ ചാണ്ടി
( മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | സംസ്ഥാന കേഡറിൽ എത്ര ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥരുണ്ടെന്നും അവർ ആരൊക്കെയെന്നും വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാന കേഡറിൽ 148 ഐ.എ.എസ് ഉദ്യോഗസ്ഥരും 95 ഐ.പി.എസ് ഉദ്യോഗസ്ഥരുമാണുള്ളത്. ഇത് സംബന്ധിച്ച വിവരം അനുബന്ധം എ യായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥരിൽ എത്ര പേർ ഇപ്പോൾ സംസ്ഥാനത്ത് ജോലി ചെയ്യുന്നു എന്നും എത്ര പേർ ഡെപ്യൂട്ടേഷനിലാണെന്നും എത്ര പേർ ലീവിലാണെന്നും അവർ ആരൊക്കെയെന്നും ഏതെല്ലാം തസ്തികകളിലാണെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ഉദ്യോഗസ്ഥരിൽ 99 ഐ.എ.എസ് ഉദ്യോഗസ്ഥരും 66 ഐ.പി.എസ് ഉദ്യോഗസ്ഥരും ഇപ്പോൾ സംസ്ഥാനത്ത് ജോലി ചെയ്യുന്നുണ്ട്. ഐ.എ.എസിൽ 40 പേരും, ഐ.പി.എസിൽ 28 പേരും കേന്ദ്ര സർവ്വീസിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നു. ഐ.എ.എസിൽ 7 പേർ ഇപ്പോൾ ലീവിലാണ്. ഐ.പി.എസ് ഉദ്യോഗസ്ഥരാരും ഇപ്പോൾ ലീവിലില്ല. വിശദാംശങ്ങൾ അനുബന്ധം ബി- യായി ചേർക്കുന്നു. |
| (സി) | നിലവിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്ന പ്രസ്തുത വിഭാഗം ഉദ്യോഗസ്ഥരിൽ എത്ര പേർ ഡെപ്യൂട്ടേഷനിൽ വന്നവരാണെന്നും അവർ ആരൊക്കെയാണെന്നും ഏതൊക്കെ തസ്തികകളിലാണെന്നും വ്യക്തമാക്കുമോ; | (സി) | നിലവിൽ അസ്സം-മേഘാലയ കേഡറിൽപ്പെട്ട ശ്രീ.ശ്യാം ജഗന്നാഥൻ ഐ.എ.എസ് (AM 1997) മാത്രമാണ് ഡെപ്യൂട്ടേഷനിൽ സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്നത്. ഇദ്ദേഹം ഇപ്പോൾ സിവിൽ സപ്ലൈസ് കമ്മീഷണറായി സേവനമനുഷ്ഠിക്കുന്നു. മറ്റ് കേഡറിൽപ്പെട്ട ഐ.പി.എസ് ഉദ്യോഗസ്ഥരാരും ഇപ്പോൾ സംസ്ഥാനത്ത് ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്നില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥരിൽ നേരിട്ടു നിയമനം കിട്ടിയവർ ആരൊക്കെയെന്നും പദവി കൺഫർ ചെയ്ത് കിട്ടിയവർ ആരൊക്കെയെന്നും വെളിപ്പെടുത്തുമോ; | (ഡി) | ഇത് സംബന്ധിച്ച വിവരം അനുബന്ധം സി-യായി ചേർക്കുന്നു. |
| (ഇ) | സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം നടപ്പാക്കുമോ; എങ്കിൽ നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം വിശദമായ ചർച്ചയും കൂടിയാലോചനയും ആവശ്യമായ വിഷയമായതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. |

Daly Joseph
സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**